അബൂദർറ് എടയൂർ

# തഴച്ചുവളരുന്ന ധൂർത്തും ദുർവ്യയവും

**ഈ** തലവാചകം കേട്ടും വായിച്ചും കാതുകളും കണ്ണുകളും തഴമ്പിച്ചിരിക്കുന്നു. ഹൃദയം കല്ലിച്ചിരിക്കുന്നു. മനഃസാക്ഷി മരവിച്ചിരിക്കുന്നു. ദരിദ്രരുടെ ദീനരോദനം നാം കേൾക്കാതായിരിക്കുന്നു; ആളുകളുടെ പ്രശംസയും വീമ്പുപറച്ചിലുകളുമാണ് ഇന്ന് നമുക്ക് പഥ്യം. ഇസ്‌ലാം നിഷിദ്ധമാക്കിയതാണെങ്കിലും നിസ്സങ്കോചം ആളുകൾ ധൂർത്തിനും ദുർവ്യയത്തിനും പിന്നാലെ പോയിക്കൊണ്ടിരിക്കുന്നു.

ആവശ്യത്തിലധികം ചെലവഴിക്കുക, അനാവശ്യകാര്യങ്ങളിൽ ചെലവഴിക്കുക, അനുവദനീയമല്ലാത്ത കാര്യങ്ങളിൽ വിനിയോഗിക്കുക തുടങ്ങിയവയെല്ലാം ധൂർത്തിന്റെ പരിധിയിൽ വരുന്നു. ആവശ്യമില്ലാത്തിടത്ത് പണം ചെലവഴിക്കുന്നത് ധൂർത്ത് തന്നെയാണെന്നാണ് ഇബ്നു മസ്ഊദിന്റെയും ഇബ്നു അബ്ബാസിന്റെയും പക്ഷം. ഒരാൾ തന്റെ സമ്പത്ത് മുഴുവൻ സന്മാർഗത്തിൽ ചെലവഴിച്ചാൽ അത് ധൂർത്താവില്ല; എന്നാൽ സത്യത്തിന്റേതല്ലാത്ത മാർഗത്തിൽ അൽപം ധനം ചെലവഴിച്ചാലും അത് ധൂർത്ത് തന്നെയാവുമെന്നാണ് പ്രമുഖ പണ്ഡിതനായ മുജാഹിദിന്റെ അഭിപ്രായം. സമ്പത്തിന്റെ ആധിക്യമോ കുറവോ അല്ല, മറിച്ച് അത് ഏതുരീതിയിൽ ചെലവഴിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചാണ് ധൂർത്തും ദുർവ്യയവും തീരുമാനിക്കപ്പെടുന്നത്.

ഇസ്‌ലാമിക ദർശനം മുന്നോട്ടുവെക്കുന്ന അതിമഹത്തായ ഒരാശയമാണ് മിതത്വം. സാമ്പത്തിക രംഗം മാത്രമല്ല അതിന്റെ പരിധിയിൽ വരുന്നത്. ഇബാദത്തുകൾ, ഉപദേശനിർദേശങ്ങൾ നൽകൽ തുടങ്ങിയ കാര്യങ്ങളിലെല്ലാം അത് പാലിക്കണം. സഅ്ദ്(റ) വുദു എടുത്തുകൊണ്ടിരിക്കെ അതുവഴി വന്ന നബി(സ) ചോദിച്ചു: 'ഇതെന്ത് ദുർവ്യയമാണ് സഅ്ദേ?' വുദുവിലും ദുർവ്യയമുണ്ടോ? അദ്ദേഹം തിരിച്ചു ചോദിച്ചു. പ്രവാചകൻ പറഞ്ഞു: ഉണ്ട്; ഒഴുകിക്കൊണ്ടിരിക്കുന്ന നദിയിൽ നിന്നായാലും (മിതമായ നിലക്കേ വുദു ചെയ്യാവൂ).

അബൂവാഇലി(റ)ൽനിന്ന് നിവേദനം: എല്ലാ വ്യാഴാഴ്ചയും ഇബ്നു മസ്ഊദ് ഞങ്ങളെ ഉപദേശിക്കുക പതിവായിരുന്നു. അങ്ങനെ ഒരിക്കൽ ഒരാൾ അദ്ദേഹത്തോട് പറഞ്ഞു: അബൂഅബ്ദിർറഹ്മാൻ, താങ്കൾ എല്ലാ ദിവസവും ഞങ്ങളെ ഉപദേശിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങളെ മടുപ്പിക്കുന്നതിൽ എനിക്കുള്ള വെറുപ്പ് മാത്രമാണ് അതിൽനിന്ന് എന്നെ തടയുന്നത്. അതിനാൽ ഞാൻ ഊഴം വെച്ചാണ് നിങ്ങളെ ഉപദേശിക്കാറുള്ളത്. ഞങ്ങൾക്ക് മടുപ്പുണ്ടായേക്കുമോ എന്ന ആശങ്കയാൽ നബി(സ) ഊഴം വെച്ച് ഉപദേശിച്ചിരുന്നപോലെ തന്നെ. (ബുഖാരി, മുസ്‌ലിം)

അന്നപാനീയങ്ങൾ, വസ്ത്രം, പാർപ്പിടം തുടങ്ങിയവക്ക് വേണ്ടിയുള്ള അമിതമായ ധനവിനിയോഗം ധൂർത്തിൽ പെടും. അല്ലാഹു പറയുന്നു: "ആദം സന്തതികളേ, നിങ്ങൾ എല്ലാ ആരാധനാവേളകളിലും അലങ്കാരങ്ങളണിയുക. തിന്നുകയും കുടിക്കുകയും ചെയ്യുക. ധൂർത്തടിക്കരുത്. ധൂർത്തന്മാരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല തന്നെ (*അൽഅഅ്റാഫ്* 31). "ധനം ചെലവഴിക്കുമ്പോൾ പിശുക്കും ദുർവ്യയവും കാണിക്കാതെ മധ്യനില സ്വീകരിക്കുന്നവരാണ് ദൈവദാസന്മാർ" (*അൽഫുർഖാൻ* 67).

പിശാചുമായി സാഹോദര്യമോ സൗഹൃദമോ ആഗ്രഹിക്കാത്തവരാണ് നാമെങ്കിൽ ഇന്ന് വ്യാപ

കമായിക്കൊണ്ടിരിക്കുന്ന പൊങ്ങച്ചപ്രകടനങ്ങൾക്ക് നാം കൂച്ചുവിലങ്ങിട്ടേ മതിയാവൂ. ഖുർആൻ പറയുന്നു: "നീ ധൂർത്തും ദുർവ്യയവും കാണിക്കരുത്. ധൂർത്തന്മാർ പിശാചിന്റെ സഹോദരന്മാരാണ്. പിശാച് തന്റെ രക്ഷിതാവിനോട് തീരെ നന്ദി കാണിക്കാത്തവനും" (*അൽഇസ്റാഅ്* 26,27).

ഒരു ദൃശ്യാവിഷ്കാരശൈലിയിൽ ധൂർത്തിനെയും പിശുക്കിനെയും ഖുർആൻ വരച്ചുകാണിക്കുന്നുണ്ട്. പിരടിയിലേക്ക് ചേർത്ത് ബന്ധിച്ച കൈ പിശുക്കിനെ പ്രതീകവൽക്കരിക്കുമ്പോൾ അനിയന്ത്രിതമായി തുറന്നുവെച്ച കൈ ധൂർത്തിനെ പ്രതിനിധീകരിക്കുന്നു (*അൽ ഇസ്റാഅ്* 29).

വിയർപ്പൊഴുക്കി സമ്പാദിക്കുന്ന ധനം എങ്ങനെ കിട്ടി, എന്തിന് വേണ്ടി വിനിയോഗിച്ചു എന്ന ചോദ്യം അഭിമുഖീകരിക്കാതെ ആർക്കും അല്ലാഹുവിന്റെ കോടതിയിൽനിന്ന് രക്ഷപ്പെടാനാവില്ല. ഇതിനെ കുറിച്ചെല്ലാം അറിയാമായിരുന്നിട്ടും കടം വാങ്ങിയും ലോൺ എടുത്തും വരെ പൊങ്ങച്ചം പ്രകടിപ്പിക്കാൻ നാം ശ്രമിക്കുന്നതെന്തേ?

നാം ജീവിക്കുന്ന ചുറ്റുപാട് ഇത്തരം സ്വഭാവങ്ങൾ നമ്മിലേക്ക് കടത്തിവിടുന്നതിൽ ഒരു പ്രധാന ഘടകമാണ്. അൽപന് അർഥം കിട്ടിയാൽ അർധരാത്രിക്ക് കുട പിടിക്കുമെന്ന് പറയാറുള്ളതുപോലെ, ദാരിദ്ര്യവും കഷ്ടപ്പാടുകളും പേറിയുള്ള ജീവിതത്തിൽനിന്ന് ഒരു മോചനം ലഭിക്കുമ്പോൾ ചിലർ തങ്ങളുടെ ജീവിതശൈലി അടിമുടി മാറ്റുന്നു. 61 കോടി രൂപ ലോട്ടറിയടിച്ച ബ്രിട്ടീഷ് ബേക്കറി തൊഴിലാളി ലൂയിസ് ഗോ അഞ്ചുവർഷത്തിന് ശേഷം പരമദരിദ്രനായി മരിച്ച വാർത്ത പത്രങ്ങളിൽ വന്നിരുന്നു. ലോട്ടറി അടിച്ചതോടെ ദുരിതജീവിതത്തിന് അറുതിയായി. രാജകീയ ജീവിതമായിരുന്നു പിന്നീട്. വിലയേറിയ ആഡംബര വാഹനങ്ങൾ സ്വന്തമാക്കി നാടുചുറ്റലായിരുന്നു ലൂയിസിന് പ്രിയം. വിലകൂടിയ പാദരക്ഷകളും ആഭരണങ്ങളുമായിരുന്നു ഭാര്യ കീതിന്റെ ദൗർബല്യം. സാധാരണക്കാർ താമസിക്കുന്ന അപാർട്ട്മെന്റിൽ കഴിഞ്ഞ ഇരുവരും താമസിയാതെ വലിയൊരു വീട്ടിലേക്ക് താമസം മാറി. ആഡംബരങ്ങൾക്കിടയിലും അയാൾ ബേക്കറി ജോലി തുടർന്നെങ്കിലും, ഈ വലിയ പത്രാസുകാരന് എന്തിന് പണി എന്നായിരുന്നു തൊഴിലുടമയുടെ ചോദ്യം. വൈകാതെ ജോലി ഉപേക്ഷിച്ചു. വെറുതെയിരുന്ന് മടുത്തപ്പോൾ വില കൂടിയ മദ്യങ്ങളാൽ ഏകാന്തത മറികടക്കാൻ ശ്രമിച്ചു. ഇതോടെ വീട്ടിൽ പ്രശ്നങ്ങളായി. 27 വർഷത്തെ ദാമ്പത്യത്തിന് വിരാമമിട്ട് ഭാര്യ അയാളെ ഉപേക്ഷിച്ച് പോയി. വൻതുക ശമ്പളം നൽകി ജോലിക്കാരെ നിയമിച്ച് അയാൾ മറ്റൊരു വീട്ടിലേക്ക് താമസം മാറി. മദ്യപാനം ജീവിതത്തെ തകിടം മറിച്ചപ്പോൾ ചികിത്സകൾ തുടങ്ങി. അയാളുടെ സുഹൃത്ത് ശേഷിക്കുന്ന പണം ചതിയിൽ കൈവശപ്പെടുത്തിയതോടെ ചില്ലിക്കാശില്ലാതായി. തുടർന്ന് ബന്ധുവിന്റെ രണ്ട് മുറികളുള്ള വീട്ടിലേക്ക് അയാൾ താമസം മാറി. വൈകാതെ നെഞ്ചുവേദന ലൂയിസിന്റെ ജീവനെടുത്തു.

നമ്മിൽ പലരുടെയും ജീവിതം ഇതിൽ ഒളിഞ്ഞും തെളിഞ്ഞും കിടപ്പില്ലേ. ഈ ദുരന്തത്തെ കുറിച്ച് പ്രവാചകൻ(സ) മുന്നറിയിപ്പ് നൽകുന്നു: "അല്ലാഹുവാണ, ദാരിദ്ര്യമല്ല ഞാൻ നിങ്ങളുടെ കാര്യത്തിൽ ഭയപ്പെടുന്നത്; നിങ്ങൾക്ക് മുമ്പുള്ളവർക്ക് ഐഹികവിഭവം സുലഭമായി നൽകപ്പെട്ടതുപോലെ നിങ്ങൾക്കും സുലഭമായി നൽകപ്പെടുന്നതാണ് ഞാൻ ഭയപ്പെടുന്നത്. അങ്ങനെ മുൻകഴിഞ്ഞവർ അതിന് വേണ്ടി കിടമത്സരം നടത്തിയതുപോലെ നിങ്ങളും മത്സരിക്കും. അവരെ നശിപ്പിച്ചതുപോലെ അത് നിങ്ങളെയും നശിപ്പിക്കും." (ബുഖാരി, മുസ്ലിം).

ധൂർത്തന്മാരോടൊപ്പമുള്ള സഹവാസവും ഈ സ്വഭാവം നമ്മിലേക്ക് പകരാൻ ഇടയാക്കും. അതിനാൽ ഇത്തരം കൂട്ടുകെട്ടുകൾ ഒഴിവാക്കുക. പ്രവാചകൻ പറയുന്നു: "മനുഷ്യൻ തന്റെ കൂട്ടുകാരന്റെ ദീനിലത്രെ. അതുകൊണ്ട് ഓരോരുത്തനും ആരുമായാണ് കൂട്ടുകൂടേണ്ടതെന്ന് ശ്രദ്ധാപൂർവം നോക്കട്ടെ" (അഹ്മദ്, അബൂദാവൂദ്).

മറ്റൊരിക്കൽ തിരുമേനി(സ) പറഞ്ഞു: "ഉത്തമനായ കൂട്ടുകാരൻ സുഗന്ധവിൽപനക്കാരനെ പോലെയാണ്. അയാളിൽനിന്ന് സുഗന്ധദ്രവ്യം ലഭിച്ചില്ലെങ്കിലും സുഗന്ധമെങ്കിലും ലഭിക്കും. ദുഷിച്ച കൂട്ടുകാരൻ കൊല്ലനെപ്പോലെയത്രെ. അവന്റെ ഉലയിൽനിന്ന് തുണിക്ക് തീ പിടിച്ചില്ലെങ്കിലും ദുർഗന്ധം സഹിക്കേണ്ടി വരികയെങ്കിലും ചെയ്യും."

ഭാര്യയും മക്കളുമാണ് ധൂർത്തിലേക്ക് കൈപിടിച്ചുകൊണ്ടുപോവുന്ന മറ്റൊരു കൂട്ടർ. അയൽവാസിയുടെയോ കുടുംബക്കാരുടെയോ വീട്ടിൽ ഇന്നതൊക്കെയുണ്ട്, നമ്മുടെ വീട്ടിലും അതൊക്കെ വേണം, അത് നമുക്ക് ആവശ്യമില്ലാത്തതാണെങ്കിലും – ഇതാണ് ചില ഭാര്യമാരുടെയും മക്കളുടെയും മനസ്ഥിതി. ദീനീപരമായി വളർച്ച പ്രാപിക്കാത്ത ഈ മനസ്ഥിതി മാറ്റിയെടുക്കുന്നതിലാണ്

കുടുംബനാഥന്റെ വിജയം. വിവാഹം കഴിക്കുമ്പോൾ മതനിഷ്ഠക്ക് പ്രാമുഖ്യം നൽകണമെന്ന ഇസ്‌ലാമിന്റെ ആഹ്വാനം ഇത്തരം വഴിതെറ്റലുകൾക്ക് തടയിടാൻ കൂടിയാണ്.

മനുഷ്യന്റെ ദേഹേഛ എപ്പോഴും സുഖാഢംബരങ്ങൾ കൊതിക്കുന്നു. അതിന് കടിഞ്ഞാണിടാൻ നമുക്കായില്ലെങ്കിൽ അത് നമ്മെ ധൂർത്തരും ദുർവ്യയക്കാരുമാക്കും. പരലോകത്തെ കുറിച്ച സ്മരണ സദാ ശക്തമായി നിലനിർത്താൻ സാധിച്ചില്ലെങ്കിൽ ആർഭാടങ്ങൾക്ക് പിറകെ സഞ്ചരിക്കാൻ നമുക്ക് മനഃപ്രയാസമുണ്ടാവില്ല. "ഞാൻ അറിയുന്ന കാര്യങ്ങളെല്ലാം നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ നിങ്ങൾ വളരെ കുറച്ച് മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുന്നവരാകുമായിരുന്നു" എന്ന പ്രവാചകവചനത്തിന് നാം അർഹിക്കുന്ന പരിഗണന നൽകുന്നുണ്ടോ?

അമിതമായാൽ അമൃതും വിഷം എന്നാണല്ലോ. അമിതത്വം പല ദുരിതങ്ങൾക്കും വഴിവെക്കും. അനാവശ്യമായ ഭക്ഷണശീലങ്ങൾ നമ്മുടെ ശരീരത്തെ രോഗാതുരമാക്കും. വിശക്കുമ്പോൾ അല്ലെങ്കിൽ ഭക്ഷണം വേണ്ടത്ര കിട്ടാതാവുമ്പോൾ നിർമലവും ലോലവുമാവുന്ന നമ്മുടെ ഹൃദയം വയറുനിറയുമ്പോൾ അല്ലെങ്കിൽ അന്നപാനീയങ്ങൾ ഇഷ്ടം പോലെ ലഭ്യമാവുമ്പോൾ കടുത്തതായിത്തീരുന്നു. വിശപ്പിന്റെ വിലയറിയാത്തവരുടെ ഹൃദയകാഠിന്യം നമുക്കറിവുള്ളതാണല്ലോ. ഹൃദയം കഠിനമായാൽ പുണ്യകർമങ്ങളോടും ആരാധനകളോടുമെല്ലാം വിടപറയുന്നു. അല്ലാഹുവിന്റെ ഉദ്ബോധനങ്ങൾക്കു നേരെ അധികമധികം ഹൃദയം കടുത്തുപോയവർക്ക് മഹാനാശമുണ്ട് (*അസ്സുമർ* 22).

അതിനാൽ ഈ രോഗത്തിന് മുന്നിൽ നാം പ്രതിരോധം തീർത്തേ മതിയാവൂ. അമിതത്വം വരുത്തിവെച്ചേക്കാവുന്ന വിനകളെ ഓർക്കുക, ദേഹേഛക്ക് കടിഞ്ഞാണിടുക, അല്ലാഹുവും പ്രവാചകനും ധൂർത്തിനെ കുറിച്ച് നൽകിയ മുന്നറിയിപ്പുകൾ ഗൗരവത്തിലെടുക്കുക.

പ്രവാചകൻ പറഞ്ഞു: "വിശ്വാസി ഒരു വയറിൽ ഭക്ഷണം കഴിക്കുന്നു. അവിശ്വാസി ഏഴ് വയറിൽ ആഹാരം കഴിക്കുന്നു."

നമ്മുടെ മുൻഗാമികളായ മാതൃകാപുരുഷന്മാരുടെ ജീവിതത്തിലേക്കെത്തിനോക്കൂ. അതുപോലെ നമുക്കും ആയിക്കൂടേ. ഉമർ(റ) ഒരിക്കൽ തന്റെ മകൻ അബ്ദുല്ലയുടെയടുത്ത് ചെന്നപ്പോൾ അവിടെ കുറച്ച് മാംസം കണ്ടു. ഉമർ ആ മാംസത്തെ കുറിച്ച് അന്വേഷിച്ചു. മകൻ പറഞ്ഞു: എനിക്ക് മാംസം കഴിക്കണമെന്ന് അഗ്രഹം തോന്നിയപ്പോൾ വാങ്ങിച്ചതാണ്. ഉമർ പറഞ്ഞു: എന്തിനോടെങ്കിലും ആഗ്രഹം തോന്നുമ്പോഴേക്കും അത് തിന്നുകയോ? ആഗ്രഹിക്കുന്നതെല്ലാം തിന്നുക എന്നത് തന്നെ ഒരാൾക്ക് ധൂർത്തായി മതി.

സൽമാനുൽ ഫാരിസി(റ) രോഗശയ്യയിൽ കിടക്കുന്ന അബൂബക്റി(റ)നെ സന്ദർശിച്ച് പറഞ്ഞു: അല്ലയോ ഖലീഫ! താങ്കൾ എന്നെ ഉപദേശിക്കണം. അബൂബക്ർ(റ) പറഞ്ഞു: "അല്ലാഹു നിങ്ങൾക്ക് ഇഹലോകം തുറന്നിട്ടുതരും. പക്ഷേ, അത്യാവശ്യത്തിനുള്ളതല്ലാതെ യാതൊന്നും അതിൽനിന്ന് ആരും എടുക്കരുത്."

തനിക്ക് ഒരു വീട് പണിയാൻ അനുവാദം ആരാഞ്ഞുകൊണ്ട് കൂഫയിലെ ഗവർണറായിരുന്ന സഅ്ദുബ്നു അബീവഖാസ്(റ) ഖലീഫ ഉമറി(റ)ന് കത്തെഴുതി. ഉമർ(റ) നൽകിയ മറുപടി ഇങ്ങനെയായിരുന്നു: "മഴയിൽനിന്നും വെയിലിൽനിന്നും നിന്നെ സംരക്ഷിക്കാനുതകുന്ന ഒരു വീട് പണിയുക. അത്യാവശ്യജീവിത വിഭവങ്ങളുടെ ഗേഹമാണ് ഇഹലോകം."

അബ്ദുല്ലാഹിബ്നു ഉമറിന്റെ(റ) സന്താനങ്ങളിലൊരാൾ അദ്ദേഹത്തോട് പറഞ്ഞു: എന്റെ തുണി കീറിയിരിക്കുന്നു. അതിനാൽ എനിക്കൊരു തുണി വേണം. അബ്ദുല്ല(റ) പറഞ്ഞു: 'നീ ആ കീറിയ ഭാഗം മുറിച്ചുകളയുക.' എന്നിട്ട് അത് ധരിക്കുക. ഇത് അയാൾക്ക് ഇഷ്ടപ്പെട്ടില്ല. അയാൾ നീരസം പ്രകടിപ്പിച്ചു. അപ്പോൾ അബ്ദുല്ല(റ) പറഞ്ഞു: "നീ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നൽകിയ സമ്പത്ത് മുഴുവൻ വയറിലും ശരീരത്തിന്റെ പുറത്തുമെല്ലാം നിക്ഷേപിക്കുന്നവരുടെ കൂട്ടത്തിൽ നീ ആയിത്തീരാതിരിക്കുക."

ഇത്തരം സംഭവങ്ങൾ നമ്മെ ആ മാതൃകകൾ അനുധാവനം ചെയ്യാൻ പ്രേരിപ്പിക്കുന്നില്ലേ? എങ്കിൽ ധൂർത്തും ദുർവ്യയവുമെല്ലാം നമ്മുടെ ജീവിതത്തിൽനിന്ന് പറ പറക്കും. ധൂർത്തന്മാരായ സുഹൃത്തുക്കൾ നമുക്ക് വേണ്ട എന്ന് തീരുമാനിക്കുക. ഭാര്യയുടെയും മക്കളുടെയും ഇസ്‌ലാമികവത്കരണത്തിന് കുറച്ചധികം സമയം ചെലവഴിക്കുക. ■